**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **05-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ പൊതു സർവീസ് ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ജി-സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ് |
| (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന വിവിധ വകുപ്പിലെ ജീവനക്കാരെ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ കൊണ്ട് വരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഏകീകൃത തദ്ദേശ പൊതു സർവ്വീസിൽ ഉൾപ്പെടുന്ന മുൻസിപ്പൽ, പഞ്ചായത്ത് ജീവനക്കാർ ഒഴികെയുള്ള വകുപ്പിലെ ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം നിലവിലുണ്ട്. പഞ്ചായത്ത്, മുൻസിപ്പൽ ജീവനക്കാർക്ക് ജി സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ് |
| (സി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകം രൂപീകരിച്ച് സ്പാർക്ക് അധിഷ്ഠിതമായ ഏകീകൃത ശമ്പള വിതരണ രീതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 27/10/2022 ലെ SRO No. 1030/2022, 1031/2022 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ് . അതിന്റെ ഭാഗമായി സ്പാർക്ക് അധിഷ്ഠിത ഏകീകൃത ശമ്പള വിതരണ രീതി, പി എഫ് അക്കൗണ്ട് ഏകീകരണം തുടങ്ങിയ വിഷയങ്ങളും പരിശോധിക്കുന്നതാണ് |
| (ഡി) | തദ്ദേശസ്വയംഭരണ ഏകീകൃത പൊതു സർവ്വീസ് രൂപകരിക്കപ്പെട്ട സാഹചര്യത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള വ്യത്യസ്ത പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ (പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/മുനിസിപ്പൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/ ജി.പി.എഫ്) ഏകീകരിച്ച് പൊതുവായി ജി.പി.എഫ്. അക്കൗണ്ട് ആക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 27/10/2022 ലെ SRO No. 1030/2022, 1031/2022 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്. അതിന്റെ ഭാഗമായി സ്പാർക്ക് അധിഷ്ഠിത ഏകീകൃത ശമ്പള വിതരണ രീതി , പി എഫ് അക്കൗണ്ട് |

| | | | |
|---|---|---|---|
| | | | ഏകീകരണം തുടങ്ങിയ വിഷയങ്ങളും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ